

വിശ്വസാഹിത്യമാല

# റിപ് വാൻ വിങ്കിൾ മറ്റു കഥകളും

## വാഷിങ്ടൺ ഇർവിങ്

അമേരിക്കയുടെ പ്രത്യേകതകൾ ഉൾക്കൊള്ളുന്ന ആദ്യത്തെ ശ്രദ്ധേയനായ എഴുത്തുകാരൻ എന്നറിയപ്പെടുന്ന വാഷിങ്ടൺ ഇർവിങ് യൂറോപ്യൻ സാഹിത്യത്തിൽനിന്ന് അമേരിക്കൻ സാഹിത്യത്തെ വേർതിരിക്കുന്ന ഘടകങ്ങൾ കണ്ടെത്തിയ എഴുത്തുകാരിൽ പ്രമുഖനാണ്. ഇർവിങ്ങിന്റെ കൃതികളിൽ ഏറ്റവും പ്രസിദ്ധമായവയാണ് റിപ്‌വാൻ വിങ്കിളും ഉറക്കത്താഴ്‌വരയുടെ ഐതിഹ്യവും. വാഷിങ്ടൺ ഇർവിങ്ങിന്റെ കഥകളെല്ലാം ഐതിഹ്യങ്ങളാണ്. സമൂഹത്തിലെ അപാകതകളെപ്പറ്റിയും മനുഷ്യസ്വഭാവത്തിലെ മാറാരോഗങ്ങളെപ്പറ്റിയുമുള്ള ഇവയിലെ ചിത്രീകരണങ്ങളാണ് ഈ ഐതിഹ്യങ്ങൾക്ക് ആത്മബലം നല്കുന്നത്. നർമബോധം കലർന്ന സാമൂഹ്യവിമർശം രൂക്ഷമായിത്തന്നെ ഇവയിലൂടെ ഇർവിങ് നടത്തുന്നു.

പുനരാഖ്യാനം: ജോൺ സാമുവൽ

ജനറൽ എഡിറ്റർ: **ഡോ. പി.കെ. രാജശേഖരൻ**

കവർ ഡിസൈൻ: ഡിസൈൻ ഡിഫറൻസ്

ഡിസി ബുക്സ്

www.dcbooks.com

ISBN 81-264-0492-2

9788126404926 00006

കഥ | E-book available | ₹ 85

വിശ്വസാഹിത്യമാല

റിപ് വാൻ വിങ്കിൾ മറ്റു കഥകളും

വാഷിങ്ടൺ ഇർവിങ്



T8M3.01 IRV/R
CASMTVK
1195

DCB

Rip Van Winkle and Other Stories | Washington Irving

Library TVK

1 1 9 5

T8M3.01 IRV/R

CASMTVK

1 1 9 5

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

LIBRARY
College Of Avian Sciences & Management

Acc. No. 1195 Call No. 1195

This book should be returned on or before the date last given below.

## വാഷിങ്ടൺ ഇർവിങ് (1783–1859)

അമേരിക്കൻ ഗദ്യസാഹിത്യത്തിലെ ആദ്യപഥികരിലൊരാളായ വാഷിങ്ടൺ ഇർവിങ് (Washington Irving) 1783 ഏപ്രിൽ മൂന്നിന് ന്യൂയോർക്കിലെ മാൻഹട്ടനിൽ ജനിച്ചു. അന്താരാഷ്ട്രപ്രശസ്തനായ ആദ്യത്തെ അമേരിക്കൻ എഴുത്തുകാരനായ ഇർവിങ് ചെറുകഥ, ഉപന്യാസം, യാത്രാവിവരണം, ജീവചരിത്രം, ചരിത്രം തുടങ്ങിയ ജനുസ്സുകളിലായി ധാരാളം കൃതികൾ എഴുതി. അമേരിക്കൻ ചെറുകഥാസാഹിത്യത്തിനും അദ്ദേഹം അസ്തിവാരമിട്ടു. 'ദ സ്കെച്ച് ബുക്ക് ഓഫ് ജഫ്രി ക്രയോൺ' എന്ന സമാഹാരത്തിലെ 'റിപ് വാൻ വിങ്കിൾ', 'ദ ലെജൻഡ് ഓഫ് സ്ലീപ്പി ഹോളോ' , 'ടെയ്ൽസ് ഓഫ് എ ട്രാവെലറി'ലെ 'ദ ഡെവിൾ ആൻഡ് ടോം വാക്കർ' എന്നിവ ഏറ്റവും പ്രശസ്തമായ കഥകൾ. ജോർജ് വാഷിങ്ടണിന്റെയും ക്രിസ്റ്റഫർ കൊളംബസിന്റെയും ജീവചരിത്രങ്ങളും രചിച്ചു. 1859 നവംബർ 28-ന് അന്തരിച്ചു.

വാഷിങ്ടൺ ഇർവിങ്

# റിപ് വാൻ വിങ്കിൾ മറ്റു കഥകളും

സംഗൃഹീത പുനരാഖ്യാനം
ജോൺ സാമുവൽ
ജനറൽ എഡിറ്റർ
ഡോ. പി.കെ. രാജശേഖരൻ

ഡി സി ബുക്സ്

MALAYALAM LANGUAGE
ORIGINAL ENGLISH TITLE
Rip Van Winkle and other stories
ENGLISH LITERATURE/STORY
*by* Washington Irving
MALAYALAM TITLE
Rip Van Winkle Mattu Kathakalum
*Abridged & retold by* John Samuel
*General Editor* Dr. P.K. Rajasekharan
©D C Books
First Published August 1984
This Edition-January 2017
PUBLISHERS
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www. onlinestore.dcbooks.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 9846133336
DISTRIBUTORS
D C Books-Current Books
INDIA
D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Irving, Washington.
Rip Van Winkle mattu kathakalum/Washington Irving.
96p; 21cm (Viswasahithyamala)
ISBN 81-264-0492-2.
Malayalam retelling of 'Rip Van Winkle and other stories' retold by John Samuel.
1. Series editor : P.K. Rajasekharan.
1. English story. 2. Collection. I. Title. II. Title- English
III. John Samuel. IV. Series. V. Rajasekharan, P.K.
808.8- dc 22.
No part of this publication may be reproduced, or transmitted in any form
or by any means, without prior written permission of the publisher.
ISBN 81-264-0492-2
Printed in India
at D C Press, Kottayam, INDIA.
D C BOOKS - THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION
₹ 85.00

# ആമുഖം

ഇരുപതു വർഷമാണ് അയാൾ ഉറങ്ങിപ്പോയത്. അലസനും നിരുപദ്രവിയും പരമസാധുവും എന്നാൽ നാട്ടിനോ വീട്ടിനോ കൊള്ളാത്തവനുമായ റിപ് വാൻ വിങ്കിൾ. ഉന്മത്തമായ ആ ദീർഘനിദ്രയിൽനിന്നുണർന്ന് മലയിറങ്ങി അയാൾ മടങ്ങിയെത്തുമ്പോൾ നാട് മാറിയിരുന്നു. പുതിയ ലോകത്തിനു പിന്നിൽ അയാൾ പകച്ചുനിന്നു. പിന്നെ പതുക്കെപ്പതുക്കെ അതിനോട് പൊരുത്തപ്പെട്ട് ഒട്ടിച്ചേർന്നു. കോളനിയിൽനിന്ന് സ്വതന്ത്രരാഷ്ട്രമായി മാറിയ അമേരിക്കയുടെ പ്രതീകമായിരുന്നു അയാൾ. ആധുനിക അമേരിക്കയുടെ നാടോടിനായകൻ. വാഷിങ്ടൺ ഇർവിങ്ങിന്റെ ഈ കഥാപാത്രത്തിന്റേതിനോളം പ്രശസ്തമായ മറ്റൊരു ഉറക്കം സാഹിത്യത്തിൽ കണ്ടെത്താൻ വാല്മീകിയുടെ രാമായണത്തിലെ കുംഭകർണനോളം പോകണം. റിപ് വാൻ വിങ്കിളിന്റെ ഉറക്കം അവിച്ഛിന്നമായിരുന്നു. പഴയ ലോകത്തുനിന്ന് പുതിയ ലോകത്തേക്കുള്ള അയാളുടെ ഉണർച്ച യഥാർത്ഥത്തിൽ ബ്രിട്ടീഷ് കോളനിയിൽനിന്ന് സ്വതന്ത്രരാഷ്ട്രമായ യുണൈറ്റഡ് സ്റ്റേറ്റ്സിലേക്കുയർന്ന സാധാരണജനതയുടെ ഉണർച്ചയാണ്. റിപ് വാൻ വിങ്കിളിലൂടെ അമേരിക്കൻ ഇംഗ്ലിഷ് സാഹിത്യവും പിച്ചവച്ച് പുതിയ ലോകത്തേക്കിറങ്ങുകയായിരുന്നു എന്നുവേണം പറയാൻ. ലിഖിതമായ നാടോടിക്കഥകളില്ലാത്ത അമേരിക്കയ്ക്ക് റിപ് വാൻ വിങ്കിളിലൂടെ വാഷിങ്ടൺ ഇർവിങ് അങ്ങനെയൊരു നാടോടിനായകനെ നല്കി. ചാൾസ് ബ്രോക്ക് ഡെൻ ബ്രൗണിന്റെ പിതൃത്വത്തിൽ പിറന്നുവീണ അമേരിക്കൻ ആഖ്യായികാസാഹിത്യത്തെ പുതുലോകത്തേക്കു പിടിച്ചുയർത്തി തീർത്തും അമേരിക്കനാക്കുകയായിരുന്നു ഇർവിങ്. വടക്കേ അമേരിക്കയിലെ 13 ബ്രിട്ടീഷ് കോളനികൾ 1776 ജൂലൈ നാലിന് സ്വാതന്ത്ര്യ പ്രഖ്യാപനം നടത്തിക്കൊണ്ട് ബ്രിട്ടനെതിരേ ആരംഭിച്ച സ്വാതന്ത്ര്യയുദ്ധം (American War of Independence) വിജയംവരിച്ച 1783-ൽ പിറന്നുവീണ വാഷിങ്ടൺ ഇർവിങ് എല്ലാ അർത്ഥത്തിലും വിപ്ലവത്തിന്റെ സന്തതിയായിരുന്നു. വിപ്ലവയുദ്ധത്തിന്റെ നായകനായ ജോർജ് വാഷിങ്ടന്റെ പേരാണ് അച്ഛനമ്മമാർ അദ്ദേഹത്തിനു നല്കിയത്. സ്വാതന്ത്ര്യയുദ്ധം വിജയിച്ച് ഭാവിയിലെ യുണൈറ്റഡ് സ്റ്റേറ്റ്സിന് അടിത്തറയിട്ടതോടെ അമേരിക്കൻ ജനതയും ദീർഘനിദ്രയിൽനിന്ന് മാറ്റത്തിലേക്കുണരുകയായിരുന്നു. വിപ്ലവവും സ്വാതന്ത്ര്യവും കൊണ്ടുവന്ന പുതിയ അന്തരീക്ഷത്തിലേക്കു